**ഭരണഭാഷ മാതൃഭാഷ**

ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

നം.ഫിൻ.സി5/77993/2017/എച്ച്.എസ്.ഇ. തീയതി : 04/04/2018.

**പരിപത്രം**

വിഷയം: ഹ.സെ.വി.വ.-ഹയർ സെക്കന്ററി വിഭാഗവും, ഹൈസ്കൂൾ വിഭാഗവും തമ്മിലുണ്ടാകുന്ന അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച്:-

സൂചന : ബഹു. കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 28.02.2018 തീയതിയിലെ CRMP.No.8186/14/LA2/2016/KeSCPCR നമ്പർ ഉത്തരവ്.

സംസ്ഥാനത്തെ ചില ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാസ്സ് മുറികൾ, ലാബുകൾ, ടോയ്‌ലറ്റുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പരസ്പരം ഉപയോഗപ്പെടുത്തുന്നതിൽ അഭിപ്രായ ഭിന്നതകൾ ഉണ്ടാകുകയും അത് വഴി തർക്കങ്ങൾ ഉടലെടുക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരുമിച്ച് പ്രവർത്തിക്കുകയും അത് വഴി വിദ്യാലയത്തെ പുരോഗതിയിലേക്ക് നയിക്കുകയും ചെയ്യേണ്ട ഹയർ സെക്കന്ററി - ഹൈസ്കൂൾ വിഭാഗം അധികാരികൾ പരസ്പരം അകന്ന് നിൽക്കുന്നത് അനഭിലഷണീയമായ പ്രവണതയാണ്. ആയതിനാൽ ഇത്തരം തർക്കങ്ങൾ പി.ടി.എ, എസ്.എം.സി. എന്നിവരുടെ കൂടിയാലോചനകൾ വഴി രമ്യമായി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഫിനാൻസ് ഓഫീസർ**
**(ഡയറക്ടർക്കുവേണ്ടി)**

എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും.